PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1959.

(Second Meeting)

Monday, the 11th May 1959.

Vol. VII] OFFICIAL REPORT [No. 49

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Monday, the 11th May 1959 with Mr. Speaker in the Chair.

CALLING ATTENTION UNDER RULE 66.

Sea erosion at Cannanore Cantonment beach.

മി. സ്പീക്കർ : ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ, റൂൾ 66 അനുസരിച്ചു തന്നിട്ടുള്ള നോട്ടീസിനെപ്പറ്റി മി. നമ്പ്യാർക്കു പറയാനുള്ളതു പറയാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : സർ, കണ്ണൂർ കടൽപുറത്തു് ചില ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമണത്തെപ്പറ്റിയാണു് ഞാൻ ഇവിടെ സംസാരിക്കാൻ ആഗ്രഹിക്കുന്നതു്. അതുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇവിടെ ഇല്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീർച്ചയായിട്ടും ഈ കാര്യം ശ്രദ്ധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, അവിടത്തെ കടൽപുറത്തു് അവിടവിടെയായി, കഴിഞ്ഞ മൂന്നാലു കൊല്ലമായി കടലാക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയാണു്. ആ കാര്യം ഗവണ്മെന്റിന്റെ മുൻപാകെ സമർപ്പിച്ചതിന്റെ ഫലമായി ചില ദിക്കിലെല്ലാം പരിഹാരം കാണാൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. അവിടെത്തെ കാൺമെവൻറ്, അതിനോടനുബന്ധിച്ചു് മോണ്ടിസോറി സിസ്റ്റത്തിലുള്ള ഒരു സ്കൂളും നടത്തുന്നുണ്ടു്. ആ സ്കൂൾ കെട്ടിടങ്ങൾക്കു തകരാറുണ്ടാകുന്ന രീതിയിൽ കടലാക്രമണം ഇപ്പോൾ രണ്ടുമൂന്നു കൊല്ലമായി കുറേശ്ശെ കുറേശ്ശെ ബാധിച്ചുകൊണ്ടിരിക്കുകയാണു്. ഏകദേശം കെട്ടിടം ഇരുന്നുപോകുമോ എന്നു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ]

സംശയിക്കത്തക്ക നിലയിൽ കടൽ കടന്നാക്രമിച്ചിട്ടുണ്ട്. അവിടെ അറുപതോളം അന്തേവാസികളും താമസിക്കുന്നുണ്ട്. മോണ്ടിസോറി സ്കൂളിന്റെ പിൻഭാഗം ഇതുവരെ പാറക്കെട്ടുകൊണ്ടും ഉറപ്പോടിയ മൺഭിത്തികൊണ്ടും സംരക്ഷിക്കപ്പെട്ടിരുന്നതാണ്. അതും ഇപ്പോൾ അലിഞ്ഞലിഞ്ഞു അപകടത്തിലായിരിക്കുകയാണ്. ഒന്നോ, രണ്ടോ കൊല്ലം ഈ നിലയിൽ പോയാൽ സ്കൂൾ കെട്ടിടം അപകടത്തിലാകുമെന്നും, അതിന് ഉടനടി പരിഹാരം ഉണ്ടാക്കണമെന്നുമുള്ളതിലേക്ക ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധയെക്ഷണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ ജോസഫ് ചാഴിക്കാട്ട്: കടലിന്റെ മന്ത്രി ഇവിടെ ഇല്ലെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു; ആരാണ് കടൽമന്ത്രി?

Chief Minister (**Shri E. M. S. Nambudiripad**): The Minister concerned would give the reply the next day.

Kerala Education Rules, 1959.

മി. സ്പീക്കർ: എഡ്യൂക്കേഷൻ റൂൾസുസംബന്ധിച്ചു ചർച്ചയെപ്പറ്റി പുതിയ വസ്തുതകൾ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ റൂൾസു ഗവണ്മെന്റ് ഫ്രെയിംചെയ്തതു് ആക്ടിലെ 36-ാംവകുപ്പ് അനുസരിച്ചുള്ള അധികാരം വിനിയോഗിച്ചും, ഈ സഭ അതിനുപ്പറ്റി ചർച്ചചെയ്തതു് 37-ാം വകുപ്പനുസരിച്ചുള്ള അധികാരം വിനിയോഗിച്ചുമാണ്. 37-ാം വകുപ്പിൽ പറയുന്നതു് ഇങ്ങനെയാണ്:

"All rules made under this Act shall be laid for not less than fourteen days before the Legislative Assembly as soon as possible after they are made and shall be subject to such modifications as the Legislative Assembly may make during the session in which they are so laid."

ഇതിനെ നിയമപരമായിട്ടു വ്യാഖ്യാനിക്കുകയാണെങ്കിൽ, ഇതൊരു സെലക്ടു കമ്മിറ്റിക്കോ വേറെ ഏതെങ്കിലും ഒരു കമ്മിറ്റിക്കോ റഫർചെയ്യണമെന്നുള്ള ഒരു മോഷൻ കൊണ്ടുവന്നാൽ അതു സ്വാഭാവികമായി അനുവദനീയമല്ല പിന്നെ, സഭയിൽ എല്ലാ ഭാഗത്തുമുള്ളവർ സഹകരിച്ചു്, ഒരു എഗ്രീഡ് ഫാർമുലാ എന്നുള്ള നിലയിൽ ഈ റൂൾസ് സെലക്ടു കമ്മിറ്റിക്കു് അയയ്ക്കണമെന്നൊരു റസല്യൂഷൻകൊണ്ടുവരികയും അതു സഭ സ്വീകരിക്കുകയുംചെയ്താൽ അതു് അനുവദിക്കാമായിരുന്നു. അങ്ങനെയൊരു റസല്യൂഷൻ സഭമുൻപാകെ ഇല്ലാത്തതുകൊണ്ടു് ആദ്യത്തെ ഏതാനും ഭേദഗതികൾ ഒട്ടു് അഫ് അർഡറിലാണ്.

ശ്രീ. ഇ. പി. പൗലോസു്: സർ, ഒരു പോയിന്റ് അഫ് അർഡർ.

മി. സ്പീക്കർ: ഞാൻ പറഞ്ഞുതീരട്ടെ; എനിക്കു പറയാനുള്ളതു മുഴുവൻ പറഞ്ഞിട്ടാകാമല്ലോ.

ശ്രീ. ഇ. പി. പൗലോസു്: ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് കുഴിഞ്ഞു എന്നാണു ഞാൻ വിചാരിച്ചതു്.

മി. സ്പീക്കർ: ഈ ഒരു ദിവസമാണ് റൂൾസിന്റെ ചർച്ചയ്ക്കുവേണ്ടി നീക്കിവച്ചിരിക്കുന്നതു്. ഏതാണ്ടു് 650-ഓളം ഭേദഗതികളും ഇവിടെ വന്നിട്ടുണ്ട്. ഭേദഗതികളുടെ ശ്രുതത്തിൽ ഇതു കൊണ്ടുവന്നിരിക്കുന്നതു് റൂൾസു് മോഡിഫിക്കേഷനുവേണ്ടിയാണ്. മോഡിഫിക്കേഷന്റെ വിശദീകരണം പരിശോധിച്ചതിൽ The dictionary meaning of 'modify' is to moderate, to make less hard, less severe, alter without the body being radically changed, to change the sense of the word എന്നാണ്. മോഡിഫിക്കേഷൻ എന്നതിന്റെ ഈ അർത്ഥത്തിൽ മറ്റു ബില്ലുകളും ചർച്ചയ്ക്കു വരുമ്പോൾ ചെയ്യാറുള്ളതുപോലെ ദീർഘമായ ചർച്ച ഇതിനു് അനുവദിക്കാൻ കുറെ ബുദ്ധിമുട്ടുണ്ട്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly